യാണോ ഇവരുടെ സർവീസ് കാര്യങ്ങളിൽ കണക്കാക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ലോക്കൽ പോലീസിലേക്ക് ആവശ്യമായ പോലീസുകാരെ നേരിട്ടാണോ പി.എസ്.സി. വഴി നിയമിക്കുന്നത്;

(സി) അല്ലെങ്കിൽ എന്തുകൊണ്ടാണ്;

(ഡി) ബറ്റാലിയനിൽ നിന്നും ലോക്കൽ പോലീസിലേക്ക് നേരിട്ട് ട്രാൻസ്ഫർ നൽകാറുണ്ടോ;

(ഇ) ഇല്ലെങ്കിൽ ലോക്കൽ പോലീസിലേക്ക് ട്രാൻസ്ഫർ വഴി നിയമിക്കപ്പെടുന്ന പോലീസുകാരന് വർഷങ്ങളുടെ സീനിയോറിറ്റി നഷ്ടപ്പെടുന്നതായും ഇതുമൂലം 10 വർഷത്തെ ഗ്രേഡ് പ്രൊമോഷന് അർഹരായിട്ടുള്ളവർക്ക് അത് നഷ്ടപ്പെടുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(എഫ്)ബറ്റാലിയൻ, ആംഡ് റിസർവ്വ് എന്നിവയിൽ സേവനം അനുഷ്ഠിച്ചതിന് ശേഷം ലോക്കൽ പോലീസിലെത്തുന്ന ഒരാൾക്ക്, ഹെഡ് കോൺസ്റ്റബിൾ തസ്തികയിലേക്കുള്ള പ്രൊമോഷനു വേണ്ടി വീണ്ടും ടെസ്റ്റ് പാസാകേണ്ടതായ ആവശ്യകതയുണ്ടോ എന്നറിയുമോ;

(ജി) അതിനാൽ പ്രസ്തുത മൂന്ന് സർവ്വീസുകളിലേയും പോലീസുകാരുടെ പ്രമോഷനുള്ള ടെസ്റ്റ് ഏകീകരിക്കാനും, ഈ മൂന്ന് സർവ്വീസുകൾ ഒന്നായി കണക്കാക്കി പ്രൊമോഷന്ശേഷം മറ്റൊന്നിലേക്ക് ട്രാൻസ്ഫർ നൽകപ്പെടുന്നവർക്കുള്ള സർവ്വീസ് ആനുകൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കാനും ഉള്ള സംവിധാനം ഉണ്ടാക്കാൻ നടപടി സ്വീകരിക്കുമോ;

(എച്ച്) പോലീസുകാർക്കുള്ള ട്രെയിനിംഗ് ഹീരീഡ് എക്സൈസ് സർവ്വീസിലെ പ്രിവെന്റീവ് ഓഫീസർമാരുടേതുപോലെ സർവീസ് ആയി കണക്കാക്കാനും, ഈ കാലഘട്ടത്തിൽ മുഴുവൻ ശമ്പളം നൽകാനും നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അല്ല.

(ബി) അല്ല.

(സി) നേരിട്ട് നിയമിക്കുന്നതിന് നിലവിൽ വ്യവസ്ഥയില്ല.

(ഡി) ഇല്ല.

(ഇ)-(ജി) വിവരം ശേഖരിച്ചുവരുന്നു.

(എച്ച്) പരിഗണനയിലില്ല.

കെ.എ.പി. രണ്ടാം ബറ്റാലിയൻ റാങ്ക് ലിസ്റ്റ്

49 (2978)പ്രൊഫ. മീനാക്ഷി തമ്പാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ, പാലക്കാട് എന്നീ ജില്ലകൾ ഉൾപ്പെട്ട കെ.എ.പി. രണ്ടാം ബറ്റാലിയൻ പോലീസ് കോൺസ്റ്റബിൾമാരുടെ പി.എസ്.സി. റാങ്ക് ലിസ്റ്റ് എപ്പോഴാണ് നിലവിൽ വന്നത്;

(ബി) ഈ റാങ്ക് ലിസ്റ്റിൽ നിന്ന് എത്രപേരെ നിയമിച്ചിട്ടുണ്ട്;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഇതിൽ മെയിൻ ലിസ്റ്റിൽനിന്നും, സപ്ലിമെന്ററി ലിസ്റ്റിൽ നിന്നും എത്രപേരെ വീതം നിയമിച്ചു;

(ഡി) സപ്ലിമെന്ററി റാങ്ക് ലിസ്റ്റിൽ നിന്ന് ആർക്കെങ്കിലും നിയമനം നൽകാതെ ഉണ്ടോ; എങ്കിൽ കാരണം വിശദമാക്കുമോ;

(ഇ) ഈ റാങ്ക് ലിസ്റ്റിൽ ഉള്ള (സപ്ലിമെന്ററി ഉൾപ്പെടെ) എല്ലാപേർക്കും ലിസ്റ്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് നിയമനം നൽകുമോ?

ഉത്തരം

(എ) 21.7.1997-ൽ

(ബി) 884 പേരെ.

(സി)-(ഇ) വിവരം ശേഖരിച്ചു നൽകുന്നതാണ്.

എസ്.എ.പി.യിൽ നിർബന്ധിച്ച് പോളിസി എടുപ്പിച്ചതായ പരാതി

50 (2979) ശ്രീ. കെ.പി. വിശ്വനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം എസ്.എ.പി. ക്യാമ്പിലെ പുതുതായി റിക്രൂട്ട് ചെയ്യപ്പെട്ട പോലീസുകാരെ നിർബന്ധപൂർവ്വം എൽ.ഐ.സി. പോളിസി എടുപ്പിച്ചു എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ട്രെയിനിംഗ് കാലത്ത് മേലുദ്യോഗസ്ഥൻ ഭീഷണിപ്പെടുത്തി വൻ തുകയ്ക്കുള്ള പോളിസി എടുപ്പിച്ചു എന്ന പരാതിയെക്കുറിച്ച് അന്വേഷിച്ചിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ പോലീസ് അസോസിയേഷൻ എന്തെങ്കിലും പരാതി നൽകുകയുണ്ടായോ;

(ഡി) ഈ പ്രശ്നത്തിന് പുറത്തുനിന്നുള്ള ഉന്നതനായ ഉദ്യോഗസ്ഥനെക്കൊണ്ട് രഹസ്യാന്വേഷണം നടത്തിക്കുമോ;

(ഇ) ഇതിന് പോലീസ് വകുപ്പിലെ ഉദ്യോഗസ്ഥന്മാർ ഉത്തരവാദികളാണെങ്കിൽ അവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ)-(ഇ) പരാതി ലഭിച്ചിട്ടില്ല.

പോലീസ് കോൺസ്റ്റബിൾ നിയമനം

51 (2980) ശ്രീ. എം.വി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യ മന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എ.പി. നാലാം ബറ്റാലിയനിലേക്കുള്ള പോലീസ് കോൺസ്റ്റബിൾ റാങ്ക് ലിസ്റ്റിൽ നിന്നും ഇതുവരെയായി എത്ര നിയമനം നടത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) മറ്റ് ബറ്റാലിയനുകളിൽ ഇതുവരെയായി എത്ര നിയമനം നടന്നിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

LIBRARY ARCHIVES Kerala Legislative Assembly